# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 823** **30.11.2018-ൽ മറുപടിയ്ക്ക്**

**ട്രൈബൽ ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ആന്റണി ജോൺ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം, പിണവൂർകുടി എന്നീ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി അനുവദിച്ചിട്ടുള്ള ട്രൈബൽ ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | എ) | കിഫ്ബി ഫണ്ട് വിനിയോഗിച്ച് കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം എന്ന സ്ഥലത്ത് പെൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റലും, പിണവൂർക്കുടി എന്ന സ്ഥലത്ത് ആൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റലും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. നേര്യമംഗലം, പോസ്റ്റ്മെട്രിക് ഹോസ്റ്റലിന് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. നേര്യമംഗലം, പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ഡി.പി.ആർ തയ്യാറാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ M/s.കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് (KSCC) നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ഹോസ്റ്റലുകളുടെ നിർമ്മാണ ചുമതല ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | പ്രസതുത ഹോസ്റ്റലുകളുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയമിച്ചിട്ടുണ്ട്. |
| സി) | നിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ഏജൻസി കൈക്കൊണ്ടിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കാമോ; | സി) | നേര്യമംഗലം പോസ്റ്റ്മെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തികൾക്കായി ടെണ്ടർ ക്ഷണിക്കുകയും 8/11/2018 ന് കൂടിയ ടെണ്ടർ കമ്മിറ്റിയിൽ ഏറ്റവും കുറഞ്ഞ നിരക്കിലെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണത്തിനായി ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കു ന്നതിനുള്ള നടപടികൾ M/s. KSCC സ്വീകരിച്ചു വരുന്നു. |
| ഡി) | വേഗത്തിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | ഡി) | നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിർമ്മാണ പ്രവർത്തികളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി എല്ലാ മാസവും കിഫ്ബി അധികൃതർ അവലോകനയോഗം വിളിച്ചു ചേർക്കാറുണ്ട്. രണ്ട് നിർമ്മാണ പ്രവർത്തികൾക്കും ഒരുവർഷമാണ് നിർമ്മാണ കാലാവധി അനുവദിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**